

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

# കഞ്ചാവും, ലഹരി ഗുളികകളുമായിപേർ 2 പിടിയിൽ

രണ്ട് കിലോ 200 ഗ്രാം കഞ്ചാവും, 54 നൈട്രോസൻ ഗുളികകളുമായി ആലപ്പുഴ സ്വദേശികളായ രണ്ട് യുവാക്കളെ പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. ആലപ്പുഴ, അരൂർ , വട്ടുതല സ്വദേശികളായ ജിബിൻ ജോസഫ്, വ ഃ 24, മുഹമ്മദ് ഷാഫി, വ ഃ 27 എന്നിവരെയാണ് ഇന്നലെ രാത്രി പാലക്കാട് KSRTC ബസ്റ്റാൻറ് ലിങ്ക് റോഡിൽ വെച്ച് പരിശോധനക്കിടെ പിടികൂടിയത്.

സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.





പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ൻെറ നിർദ്ദേശത്തെത്തുടർന്ന്

നർകോട്ടിക് സെൽ DySP ബാബു തോമസിൻെറ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ ഒരു ലക്ഷം രൂപയോളം വില വരും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരാണ് പ്രധാന ഉപഭോക്താക്കൾ. കഞ്ചാവിനു പുറമെ 54 നൈട്രോസൻ ഗുളികകളും ഇവരുടെ പക്കൽ നിന്നും കണ്ടെത്തി.

പാലക്കാട് സൗത്ത് സബ് ഇൻസ്പെക്ടർ R. രഞ്ജിത്ത് , SCPO ഷെയ്ക്ക് മുസ്തഫ, CPO മാരായ ശിവകുമാർ , രാമസ്വാമി, സജീഷ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ C.വിജയാനന്ദ്, K. അഹമ്മദ് കബീർ, R.വിനീഷ്, H.ഷാജഹാൻ, S. ഷനോസ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

......................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT